"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ജീവനക്കാര്യം - തിരുവനന്തപുരം ജില്ലാ മിഷനിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി. മായ എൽ.-ന്റെ വേതനം പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.150/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/01/2022

---

പരാമർശം:-

1. 09.02.2010 ലെ സ.ഉ(പി) നം.61/2010/ഫിൻ.
2. 20.10.2016 ലെ സ.ഉ(പി) നം. 07/2016/ഫിൻ.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.01.2021, 03.09.2021 എന്നീ തീയതികളിലെ 05/ഇ1/2020/കെ.എസ്.എച്ച്.ഒ നമ്പർ കത്തുകൾ

**ഉത്തരവ്**

കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിൽ കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. മായ.എൽ-ന് പരാമർശം (2) ഉത്തരവ് പ്രകാരം മാസവേതനമായി നിലവിൽ 6000/- രൂപയാണ് നൽകി വരുന്നതെന്നും, പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 3(ii)ന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് പാർട്ട് ടൈം സ്വീപ്പറുടെ നിരക്കിൽ വേതനം പുനഃക്രമീകരണത്തിന് അർഹതയുണ്ടെന്നും, കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ സ്വീപ്പിംഗ് ഏരിയ 196.84 ചതുരശ്ര മീറ്ററാണെന്ന് പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം കുടുബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ ശ്രീമതി. മായ. എൽ-ന് പാർട്ട്ടൈം സ്വീപ്പറുടെ നിരക്കിൽ വേതനം പുനഃക്രമീകരണം നടത്തുന്നതിനായുള്ള അനുമതി നൽകണമെന്നും കുടുബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം പി.ഡബ്ല്യു.ഡി. ബിൽഡിംഗ് (റെസിഡൻസി) സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ള സാക്ഷ്യപത്രം പ്രകാരം കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ ഓഫീസിന്റെ സ്വീപ്പിംഗ് ഏരിയ 196.84 ചതുരശ്ര മീറ്ററായതിനാൽ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി. മായ.എൽ -ന് പാർട്ട് ടൈം സ്വീപ്പറുടെ വേതനം ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ പുനഃക്രമീകരിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ശ്രീമതി. മായ .എൽ, കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുബശ്രീ,മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(ഡെവ-4/63/2021-ധന) പ്രകാരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഐ.എ1/69/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 20-01-2022 13:00:18
Reason: Approved
സെക്ഷൻ ഓഫീസർ